# ഒരു "വെള്ള" നിയമം !

ലോക വാണിജ്യ സംഘടനയുടെ - WTO - അപേക്ഷാ പരിശോധനാസമിതിയുടെ (അപ്പലേറ്റ് ബോഡി) വിധിത്തീർപ്പ് - നിർണ്ണായകമായേക്കും.! ക്രിസോറ്റൈൽ എന്നുപേരുള്ള വെള്ള ആസ്ബസ്റ്റോസ് ഫ്രാൻസിലേക്ക് വലിയ തോതിൽ കയറ്റി അയക്കുന്ന രാജ്യമാണ് കാനഡ. 1996ൽ ഫ്രാൻസ് ആസ്ബസ്റ്റോസിന്റെ ഉപയോഗം നിരോധിച്ചു. ഇത് WTO യുടെ വിവേചനാരാഹിത്യ നിയമങ്ങൾക്ക് (non-discrimination rules) എതിരാണെന്ന് കാനഡ ആരോപിച്ചു. വെളുത്ത ആസ്ബസ്റ്റോസിന്റെ ഉപയോഗം സുരക്ഷിതമാണ്, ആരോഗ്യകരമാണെന്ന് വാദിച്ചു. പക്ഷേ, സ്വന്തം ജനതയുടെ ആരോഗ്യസംരക്ഷണത്തിനായി ഫ്രാൻസ് ആസ്ബസ്റ്റോസ് ഉപയോഗിക്കുന്നതും ഇറക്കുമതി ചെയ്യുന്നതും നിയന്ത്രിച്ചാൽ തെറ്റില്ല എന്നാണ് WTO യുടെ അപ്പലേറ്റ് കമ്മിറ്റി വിധിച്ചത്.

ലോകതലത്തിൽതന്നെ ആസ്ബസ്റ്റോസ് വ്യവസായത്തിന് ഇത് വലിയൊരു പ്രഹരമായി. അതിലുപരി, ഇത്തരമൊരു വിധി WTO പുറപ്പെടുവിച്ചത് ഏറെ ശ്രദ്ധേയമാണെന്ന് പലരും കരുതുന്നു. ഒരു കേസിൽ WTO യുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായി, വാണിജ്യ - നിയന്ത്രണനടപടികൾക്കനുകൂലമായി നടത്തിയ ഈ വിധി പരിസ്ഥിതി സംഘടനകൾ അഭിനന്ദിച്ചു. കടലാമകൾ, ഡോൾഫിനുകൾ, സംസ്കൃത ഗാസൊലിൻ - എന്നീ കേസുകളിലെല്ലാം വാണിജ്യതാല്പര്യങ്ങളേയാണ് WTO പിൻതാങ്ങിയത്.

അമേരിക്കയിൽ മാത്രം ആസ്ബസ്റ്റോസിന്റെ ഉപയോഗം രണ്ട്ലക്ഷം മരണത്തിന് കാരണമായിട്ടുണ്ട്. കാൻസർ പോലുള്ള മാരകരോഗങ്ങളാണിത് വിതച്ചിരുന്നത്. ശ്വാസകോശക്യാൻസറും മറ്റുരോഗങ്ങളും പുറമേയും.

ഗ്രീൻപീസ് എന്ന പാരിസ്ഥിതിക സംഘടനയുടെ (ഒരു സമ്മർദ്ദ ഗ്രൂപ്പാണിവർ) പ്രതിനിധി റെമി പർമെൻഷ്യർ പറയുന്നു: "ഇടുങ്ങിയതും ചെറിയ കാലത്തേക്കുള്ളതുമായ വാണിജ്യതാല്പര്യങ്ങളേക്കാൾ സാധാരണബുദ്ധിയോട് WTO നീതി പുലർത്തേണ്ട കാലം അതിക്രമിച്ചിരിക്കയാണ്."